മിനിമം ചാജ്ജാക്കാം എന്നു് ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറു് ഗവണ്മെൻറിലേയ്ക്കു നിർദ്ദേശം നൽകിയിട്ടുണ്ടോ ? അങ്ങനെ ചെയ്യാത്തപക്ഷം ലക്ഷക്കണക്കിനു രൂപാ ഡിപ്പാർട്ടുമെൻറിനു നഷ്ടം വരുമെന്നു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ ഡിപ്പാർട്ടുമെൻറിൽ നിന്നു നിർദ്ദേശം ഉണ്ടായതായി ഓർമ്മയില്ല. ലക്ഷക്കണക്കിനു രൂപാ നഷ്ടം വരുമെന്നു മെമ്പർക്കു എങ്ങനെ മനസ്സിലായെന്നു രൂപമില്ല. നിയമപ്രകാരമുള്ള നടപടികളും അനുസരിച്ചേ സർക്കാരിനു ഇതുസംബന്ധിച്ചു് ഒരു അവസാന തീരുമാനം എടുക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതിനെപ്പറ്റി മുൻപു ഇവിടെ ചർച്ച നടന്നപ്പോഴുതന്നെ, സ്റ്റേജു ഫിക്സേഷൻ കാര്യത്തിൽ ചില പിശകുകൾ പറ്റിയിട്ടുണ്ടു്, അതു പുനഃപരിശോധന ചെയ്യാം എന്നു് പറഞ്ഞിരുന്നു. അതനുസരിച്ചു വല്ല പരിശോധനയും നടത്തിയോ, ആ കുഴപ്പം പരിഹരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: പല സ്ഥലങ്ങളിലും അങ്ങനെ തെറ്റു പറ്റിയിട്ടുണ്ടു് ; ഇനി തെറ്റു കണ്ടാൽ അതു തിരുത്തുന്നതാണു്.

പുതിയ വ്യവസായങ്ങൾ

* 325A. [13] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു ഇൻഡസ്ട്രീസു് ഡവലപ്പുമെൻറു കാപ്പറേഷൻറെ പരിശ്രമഫലമായി എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ നടത്തിയിട്ടുണ്ടു് ;

(ബി) എത്ര വ്യവസായങ്ങൾ സ്ഥാപിച്ചു നടത്തിവരുന്നു ;

(സി) എത്ര രൂക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടു് ;

(ഡി) നിലവിലുള്ള വ്യവസായങ്ങളുടെ എക്സ്പാൻഷൻ, ഡവലപ്പുമെൻറു് എന്നിവയ്ക്കുവേണ്ടി എത്ര രൂക ചെലവായിട്ടുണ്ടു് ;

(ഇ) ഇതുമൂലം എത്ര തൊഴിൽസാദ്ധ്യതകൾ കൂടുതൽ ലഭിച്ചിട്ടുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) കെ. എസ്സു്. ഐ. ഡി. സി. യുടെ പരിശ്രമഫലമായി നാലു പുതിയ വ്യവസായങ്ങൾ നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. അതിനും പുറമേ പതിനേഴു വ്യവസായങ്ങൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം ചോദിച്ചിട്ടുണ്ടു്.

(ബി) കാപ്പറേഷൻറെ നയം പുതിയ വ്യവസായങ്ങൾ തുടങ്ങുക എന്നതിലുമധികം മറ്റു വ്യവസായങ്ങൾക്കു വ്യവസായശാലകൾ സ്ഥാപിച്ചു നടത്താൻ വേണ്ട ധനസഹായം ചെയ്യുക എന്നതാണു്. അപ്രകാരം മേൽപറഞ്ഞ നാലു വ്യവസായങ്ങൾ സ്ഥാപിച്ചു നടത്താൻ വേണ്ട പ്രോത്സാഹനം ചെയ്തുവരുന്നു.

(സി) 31–12–63 ൽ 61,81,302 രൂപ ചെലവാക്കിയിട്ടുണ്ടു്.

(ഡി) 13.36 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടു്.

(ഇ) എല്ലാ തൊഴിൽശാലകളിലേയും നടത്തിപ്പു പൂർത്തിയായാൽ അയ്യായിരം പേർക്കു തൊഴിൽ സാദ്ധ്യതയുണ്ടാകുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: മേൽപറഞ്ഞ നാലു വ്യവസായങ്ങളും ആരംഭിച്ചു നടത്തുന്നതു് കേരളത്തിലുള്ളവർതന്നെയാണോ? അതോ സ്റ്റേറ്റിനു പുറത്തുനിന്നും ആരെങ്കിലും വ്യവസായം നടത്തുന്നതിനു സഹായം നൽകുന്നുണ്ടോ?

ശ്രീ. കെ. എ ദാമോദരമേനോൻ: നാലു വ്യവസായങ്ങളും തുടങ്ങികഴിഞ്ഞിട്ടില്ല. അതു നടത്താനുള്ള നടപടി സ്വീകരിച്ചു വരികയാണു്. ഇതിൽ ഒന്നു് 'ഡവലപ്പുമെൻറു കോപ്പറേഷൻ റബ്ബർ കമ്പനി ലിമിറ്റഡു്, എറണാകുളം'. ഇതു കേരളത്തിനു വെളിയിലുള്ള ഒരു ഫേമിൻറെ സഹകരണത്തോടും ഉപകരണങ്ങളോടും കൂടി തുടങ്ങണമെന്നാണു് ഉദ്ദേശിക്കുന്നതു്. രണ്ടാമത്തേതു് 'പാക്കേജു് പേപ്പർ കോർപ്പറേഷൻ ലിമിറ്റഡു്' തിരുവനന്തപുരം. ഒരു വലിയ മൂലധനത്തോടുകൂടി നടത്തുവാൻ ഉദ്ദേശിക്കുന്ന ഒരു വ്യവസായമാണു് ഇതു്. ഏതാണ്ടു് ഏഴെട്ടു കോടി രൂപയോളമാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇതിൻറെ സാങ്കേതികമായിട്ടും ധനപരമായിട്ടും ഉള്ള കാര്യങ്ങളെപ്പറ്റി ക്യാനഡായിലെ ഒരു ഫേമുമായി നെഗോഷ്യിയേഷൻസു് നടത്തിക്കൊണ്ടിരിക്കുകയാണു്.

മറ്റൊരു വ്യവസായം 'കേരളാ സ്പിന്നേഴ്സു് ലിമിറ്റഡു്, ആലപ്പുഴ' ആണു്. 12,000 സ്പിൻഡിൽസു് ഉള്ള ഒരു സ്പിന്നിംഗ്മിൽ തുടങ്ങുന്നതിനു 1962-ൽ തന്നെ കാർപ്പറേഷനു ലൈസൻസു് കൊടുത്തിട്ടുള്ളതാണു്. നാലാമത്തേതു് 'ട്രാൻസ്ഫാമേഴ്സു് ആൻറു് ഇലക്ട്രിക്കൽസു്, കേരളാ ലിമിറ്റഡു്, തിരുവനന്തപുരം ആണു്. വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ ഷെയർ എടുക്കുക, ലോൺ നൽകുക, ഗ്യാരൻറി നൽകുക തുടങ്ങിയ സാമ്പത്തികസഹായങ്ങളും ചെയ്യുന്നുണ്ടു്.

കേരള വാട്ടർ ട്രാൻസ്പോർട്ട കാർപ്പൊറേഷൻ.

* 326. [14] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-62 വർഷത്തെ കേരള വാട്ടർ ട്രാൻസ്പോർട്ട കാർപ്പറേഷൻറെ വരവെത്ര ; ചെലവെത്ര ;

(ബി) ഉപയോഗശൂന്യമായ ബോട്ടുകൾ വിറ്റതിലുള്ള നഷ്ടം എത്ര;

(സി) പാഴ്സൽ സർവ്വീസു് ഏജൻസികളെ ഏല്പിച്ചതുകൊണ്ടുണ്ടായ ലാഭമെത്ര ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) വരവു് 28,04,082.71 രൂപ; ചെലവു് 28,03,979.83 രൂപ

(ബി) 1,44,493.90 രൂപ.

(സി) 10,185.92 രൂപ.

ശ്രീമതി കുസുമം : പാഴ്സൽ സർവ്വീസു് ഏജൻസിയെ ഏൽപ്പിച്ചതുകൊണ്ടു് വലിയൊരു സംഖ്യ നഷ്ടപ്പെട്ട എന്നു പറയുകയുണ്ടായി. അങ്ങനെ ഏജൻസിയെ ഏൽപ്പിക്കുവാനുള്ള പ്രത്യേക കാരണമെന്താണു് ?

ശ്രീ. കെ. ടി. അച്യുതൻ : നഷ്ടമല്ല. ലാഭമാണു് ഉള്ളതു്.

ശ്രീ. എം. എ. ആൻറണി : ഈ കാർപ്പറേഷൻ ഗവൺമെൻറു ഏറ്റെടുത്തു നടത്തിയാൽ കൂടുതൽ ലാഭകരമായിരിക്കുകയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly